[Mr. C. R. Iyyunni]

(സി) ഉണ്ട്.

(ഡി) ഉത്തരം ആവശ്യമില്ല.

ANCHAL ARTICLES—DELIVERY OF

350. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) സാധാരണയായി അഞ്ചൽ ശിപായിമാർ കൂടുതൽ ഡെലിവറിക്കുള്ളതായ ആട്ടിക്കിഡിസിന്റെ സ്വാധാരണ ഭാരം വിട്ടുവരുന്ന അസാധാരണ ഭാരം വഹിക്കുന്നതിനു കൂലി വൌച്ചറുകൾ മേലധികാരത്തിലേക്കു സമർപ്പിക്കാറുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ ആയവയ്ക്കു പണം അനുവദിച്ചു കൊടുക്കാറുണ്ടോ;

(സി) ഇപ്പോൾ ഏതെങ്കിലും അഞ്ചലാപ്പീസ്സിലെ ശിപായിമാർ ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള കൂലി വൌച്ചറുകൾ സ്വീകരിക്കാതെ മടക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എത്ര;

(ഇ) ആരുടെയൊക്കെയാണ്;

(എഫ്) ഇതുവരെയും കൊടുക്കാതിരിപ്പാനുള്ള കാരണങ്ങളേവ;

(ജി) ഇത്തരത്തിൽ ഓരോരോ അഞ്ചൽ ആപ്പീസ്സിൽനിന്നും ശിപായിമാർ അയച്ചിട്ടുള്ള കൂലി വൌച്ചറുകൾ അനുവദിക്കാതെയുള്ളതു് എത്രയുണ്ടു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ഇല്ല. എന്നാൽ അഞ്ചൽ ശിപായിമാക്കു സൌകര്യമായി എടുക്കാവുന്നതിൽ കൂടുതൽ ഭാരമുള്ള ഉരുപ്പടികൾ ഡെലിവർ ചെയ്യേണ്ടതായി വരുമ്പോൾ അഞ്ചൽ മാസ്റ്റർമാർ കൂലികളെ ഏർപ്പാടു ചെയ്യാറുണ്ടു്. അവക്കു അഞ്ചൽമാസ്റ്റർമാർ അയക്കുന്ന വൌച്ചറുകൾ മേലധികാരത്തിൽനിന്നും സാധാരണ പാസ്സാക്കികൊടുക്കാറാണു് പതിവു്.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

(ജി) ഉത്തരം ആവശ്യമില്ല.

351. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഒരു അഞ്ചൽശിപായി ലോക്കൽ ഡെലിവറിക്കുള്ളതായ ആട്ടിക്കിഡിസ് എത്ര തൂക്കംവരെ കൊണ്ടുപോകണമെന്നുള്ള വല്ല വ്യവസ്ഥയുമുണ്ടോ എന്നറിയിക്കുവാൻ ദയവുണ്ടാകുമോ;

(ബി) ഉണ്ടെങ്കിൽ എത്ര തൂക്കംവരെയാണു് കൊണ്ടുപോകേണ്ടതുള്ളതു്;

(സി) ക്ലിപ്തമായ ഒരു തൂക്കമുണ്ടായിരുന്നിട്ടും അതിൽ കൂടുതലായി അഞ്ചൽ ശിപായിമാർ കൊണ്ടുപോകാറുണ്ടോ;

(ഡി) അങ്ങിനെ കൂടുതലായി ഭാരം കൊണ്ടുപോകാറുണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കൂലിയും കൊടുക്കാറുണ്ടോ;

(ഇ) ഉണ്ടെന്നു വരികിൽ എന്തു വീതമാണു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) വ്യവസ്ഥയില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) & (ഇ) അഞ്ചൽ ശിപായിമാക്കു സൌകര്യമായി എടുക്കാവുന്നതിൽ കൂടുതൽ ഭാരമുള്ള ഉരുപ്പടികൾ ഡെലിവർ ചെയ്യേണ്ടിവരുമ്പോൾ അഞ്ചൽമാസ്റ്റർമാർ കൂലികളെ ഏർപ്പാടു ചെയ്യാറുണ്ടു്. അവയ്ക്കു അഞ്ചൽമാസ്റ്റർമാർ അയയ്ക്കുന്ന വൌച്ചറുകൾ മേലധികാരത്തിൽനിന്നും സാധാരണ പാസ്സാക്കിക്കൊടുക്കാറാണു് പതിവു്.

LIBRARY ARCHIVES Kerala Legislative Assembly